ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംസ്ഥാനത്തെ റേഷൻ വിതരണത്തെ തകരാറിൽ ആക്കാതിരിക്കാൻ വേണ്ടിയാണ് 1-4-2000-മുതൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി വരുന്നത്.

(ബി&സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കേന്ദ്രം അംഗീകരിക്കുന്ന 25% കുടുംബങ്ങൾക്ക് നല്കാനായി പ്രതിമാസം 30700 ടൺ അരി മാത്രമാണ് സബ്സിഡിയോടെ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. ഈ വിഭാഗങ്ങളിൽപ്പെടുന്ന 17% കുടുംബങ്ങൾക്ക് പ്രതിമാസം 20 കിലോ അരി വീതം പകുതി വിലയ്ക്ക് നല്കുന്നതിന്റെ അധിക സാമ്പത്തിക ഭാരം സംസ്ഥാന ഗവൺമെന്റിനാണ്. അതു കൂടാതെ ഈ വിഭാഗത്തിന് 10 കിലോ അരി അധികമായും, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 20 കിലോ അരിയും പ്രതിമാസം ഒരു രൂപ സബ്സിഡി നൽകി 1-4-2000- മുതൽ സംസ്ഥാന ഗവൺമെന്റ് വിതരണം ചെയ്തു പോന്നു. ഇതു മൂലവും ഓഫ്ടേക്ക് ഗണ്യമായി ഉയർന്നില്ല എന്നു കണ്ടതിനെത്തുടർന്ന് 11-6-2000 മുതൽ സംസ്ഥാന സബ്സിഡി ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ടു രൂപ എന്ന നിരക്കിൽ (പ്രതിമാസം 16 കിലോ) ആക്കി ഉയർത്തിയിട്ടുണ്ട്.

റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിതരണം

107 (118) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ റേഷൻ സാധനങ്ങൾ കൂടാതെ മറ്റ് ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് ;

(ബി) അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സാധനങ്ങൾ കൂടാതെ കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ രണ്ടായിരത്തിൽപ്പരം തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ കൂടി റേഷൻ സാധനങ്ങൾകൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന 14 ഇനം പയർവർഗ്ഗങ്ങൾ/പലവ്യഞ്ജനങ്ങൾ എന്നിവയും വിറ്റു വരുന്നു. കൂടാതെ മറ്റു അവശ്യവസ്തുക്കളും വാങ്ങി വിതരണം ചെയ്യുന്നതിനും റേഷൻ വ്യാപാരികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(സി&ഡി) റേഷൻ സാധനങ്ങൾ കൂടാതെ മറ്റ് അവശ്യ വസ്തുക്കൾ കൂടി വിതരണം ചെയ്യുന്നതിനുള്ള അനുവാദം റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ദൈനംദിന ആവശ്യങ്ങൾക്കുതകുന്നതായ എല്ലാ നിത്യോപയോഗ സാധനങ്ങളും ഇതിൽപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly